# കുളിരും തണലും—അവതാരിക

എം. എൻ. കാരശ്ശേരി



കുളിരും തണലും—അവതാരിക

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Throw-net, a painting by Charles W. Bartlett (1923–1927). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കളിരും തണലും—അവതാരിക

സാമൂഹ്യജീവിതത്തിന്റെ വേവും ചൂടുമല്ല, കലാസ്വാദനത്തിന്റെ കുളിരും തണലുമാണ് കെ. പി. ശങ്കരൻ സാഹിത്യത്തിൽ അന്വേഷിച്ചത്.

ചരിത്രം, സംസ്കാരം, രാഷ്ട്രീയം സാമൂഹ്യപ്രശ്നങ്ങൾ മുതലായവയുടെ ഭാഗം മാത്രമായി സാഹിത്യം അടക്കമുള്ള കലാരൂപങ്ങളെ കണ്ടറിയുന്ന മൂന്ന് എഴുത്തുകാരിലാണ്—കേസരി ബാലകൃഷ്ണപിള്ള (1889–1960), കുട്ടികൃഷ്ണമാരാര് (1900–1973), ജോസഫ് മുണ്ടശ്ശേരി (1903–1977)—നമ്മുടെ വിമർശനം തന്റേടം ആർജിക്കുന്നത്, 'വിമർശകത്രയം' എന്ന വിശേഷിപ്പിക്കാവുന്ന ഈ പണ്ഡിതന്മാരുടെ വഴികൾ പലനിലയ്ക്ക് വ്യത്യസ്തമായിരുന്നു. ചിലപ്പോൾ അവ സമാന്തരമായി മുന്നേറി; മറ്റു ചിലപ്പോൾ അവ തീർത്തും എതിരായ ദിശകളിൽ നിന്ന് പുറപ്പെട്ടുവന്ന് കൂട്ടിമുട്ടി; വേറെ ചിലപ്പോൾ അവ സന്ധിയുടെ നാല്ക്കവലകൾ സൃഷ്ടിച്ചു; അത്യപൂർവ്വമായി അവ വെവ്വേറെയാണ് എന്ന വിചാരിക്കാൻ കഴിയാത്തവിധം ഒന്നായിത്തീർന്നു.

അവരുടെ കാലത്തെ പ്രധാന സാന്നിധ്യമായിരുന്ന കവിത്രയത്തിന്റെ രചനകളിൽ നിന്ന് ജീവിതം, കല, ഇവ രണ്ടും തമ്മിലുള്ള ബന്ധം മുതലായവയെപ്പറ്റി പല ഉൾക്കാഴ്ചകളും നേടിയ ഈ വിമർശകരുടെ പാതകൾ മലയാളിയുടെ ആസ്വാദനബോധത്തിലേക്കും വിശകലനപ്രാപ്തിയിലേക്കും പുതിയ ഉന്മേഷം കൊണ്ടുവന്നു: മലയാളത്തിൽ നിയോക്ലാസിക് അഭിരുചിയെ കുഴിച്ചുമൂടുന്നതിനും കാല്പനികതയുടെ വരവ് കൊണ്ടാടുന്നതിനും വിമർശകത്രയം മുൻനിന്നു. ഈ സാമൂഹ്യസന്ദർഭത്തിലാണ് പുരോഗമന സാഹിത്യപ്രസ്ഥാനം പിറവിയെടുക്കുന്നത്.

1930-കളുടെ ഒടുവിൽ സമാരംഭിക്കുകയും 1950-കളുടെ തുടക്കത്തിൽ ചൈതന്യരഹിതമായിത്തീരുകയും ചെയ്ത ആ പ്രസ്ഥാനം നമ്മുടെ രചനാമണ്ഡലത്തെയും ആസ്വാദനബോധത്തെയും നിരൂപണാദർശത്തെയും പലമട്ടിൽ സ്വാധീനിച്ചു—ജീവിതമൂല്യങ്ങളെ കലാസ്വാദനത്തിന്റെ മേലെ സ്ഥാപിക്കാൻ ഉത്സാഹിക്കുന്ന കാലമാണത്. ഇതിനോടുള്ള പ്രതിപ്രവർത്തനം കൂടിയാകാം, ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി മുതലായ കവികളുടെയും ഡോ. കെ. ഭാസ്കരൻനായർ, എസ്. ഗുപ്തൻനായർ മുതലായ നിരൂപകരുടെയും എഴുത്തിൽ സൗന്ദര്യാംശത്തിന് ഊന്നൽ കിട്ടിക്കാണുന്നുണ്ട്.

കവിയും നിരൂപകനുമായ എൻ. വി. കൃഷ്ണവാരിയരുടെ നേതൃത്വത്തിൽ നടന്നുവരുന്ന 'സാഹിത്യസമിതി' പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സാമൂഹ്യലക്ഷ്യങ്ങളോട് അനുഭാവം പുലർത്തുമ്പോഴും അതിന്റെ യാന്ത്രികമായ സാഹിത്യസമീപനങ്ങളെ നിരാകരിച്ചു; സാഹിത്യത്തിന്റെ കലാത്മകതയ്ക്ക് ശ്രദ്ധ കൊടുക്കണമെന്ന് നിഷ്കർഷിച്ചു. ഈ അന്തരീക്ഷത്തിൽ നിന്ന് ഉരുവം കൊണ്ട നിരൂപകനാണ് കെ. പി. ശങ്കരൻ—എൻ. വി.-യുടെ പത്രാധിപത്യത്തിൽ മാതൃഭൂമി ആഴ്ചപ്പതിപ്പ് 1960-കളിൽ വളർത്തിയെടുത്ത എഴുത്തുകാരിൽ എണ്ണം പറഞ്ഞ ഒരാൾ.

എം. ആർ. ചന്ദ്രശേഖരൻ, എം. എസ്. മേനോൻ മുതലായവരുടെ ഉത്സാഹത്തിൽ നടന്നുപോന്ന സാഹിത്യസമിതി ക്യാമ്പുകളും ചർച്ചകളും അദ്ദേഹത്തിന്റെ ആലോചനാപഥങ്ങൾക്ക് ദിശാബോധം നൽകി. മൈസൂരിൽ മലയാളം മാഷ് ആയിരിക്കുമ്പോഴും ആ മനസ്സ് ഈ സംഘത്തിൽ തന്നെയായിരുന്നല്ലോ.


അഴീക്കോട്

നമ്മുടെ പല നിരൂപകരും അവനവന്റെ നിലപാടിനുവേണ്ടി പൊരുതുന്ന പോരാളിയുടെയോ, സ്വന്തം ഭാഗം വാദിച്ചുകേറ്റുന്ന വക്കീലിന്റെയോ പ്രതിരൂപമാണ് വായനക്കാരിൽ ബാക്കിയാക്കുന്നത്. മുണ്ടശ്ശേരി, മാരാര്, അഴീക്കോട്, പി. കെ. ബാലകൃഷ്ണൻ മുതൽ പേരുടെ ചിത്രം ഓർത്തെടുത്തുനോക്കുക. ഖണ്ഡനം വിമർശനത്തിന്റെ അനിവാര്യതയായി അവരിൽ പലരും എടുക്കുന്നുണ്ട്. ഇതിൽ നിന്ന് ഭിന്നമായി, എതിരു തോന്നിയാൽ എതിർക്കാൻ നില്ക്കാതെ ചിരിച്ചൊഴിയുകയാണ് ശങ്കരന്റെ രീതി. ഈ വിമർശകൻ വല്ല ഖണ്ഡനവും നടത്തിയിട്ടുണ്ടോ? സംശയമാണ്. ദേവിന്റെ അധികാരം, പാലായുടെ പാലാഴി തുടങ്ങിയ അപൂർവം ചിലതിനെപ്പറ്റി എഴുതിയത് മാത്രമാവും അപവാദം.

സാമാന്യമായി, സംസ്കാരത്തിന്റെ പ്രതിസന്ധികളും സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങളുമാണ് നമ്മുടെ മിക്ക നിരൂപകരുടെയും വിഷയം. അവർ അതിന്റെ ഭാഗം മാത്രമായിട്ടാണ് കലാപ്രശ്നങ്ങളെ തിരിച്ചറിയുന്നത്. 'കവി കാലംശത്തിലേ കലാകാരനായിരിക്കേണ്ടൂ; മുക്കാലംശത്തിലും മനുഷ്യസംസ്കാരത്തിന്റെ ചിഹ്നമായിരിക്കുകയാണ് വേണ്ടത്' എന്ന് മാരാര്. ശങ്കരന് കലയാണ് മുഖ്യം; സൗന്ദര്യമാണ് പരമപുരുഷാർത്ഥം. എങ്കിലും 'കല കലയ്ക്കുവേണ്ടി' എന്ന ആന്ധ്യത്തിലേക്ക് ചെന്നെത്തുന്നില്ല. അധാർമ്മികത അസുന്ദരമാണ് എന്ന് അദ്ദേഹത്തിന് അറിയാം. ഇവിടെ സൗന്ദര്യത്തിന്റെ ഒരു ഭാഗമാണ് ധാർമ്മികത. 'മേഘസന്ദേശം ഉൾക്കൊള്ളാൻ കഴിഞ്ഞ ഒരാളും പിന്നെ കൊലപാതകം ചെയ്യില്ലെ'ന്ന് ശ്യാമസുന്ദരിയുടെ നിരൂപണത്തിൽ ശങ്കരൻ എഴുതിയിട്ട് നാലു പതിറ്റാണ്ടു കഴിഞ്ഞു (1968). അദ്ദേഹം പറഞ്ഞേയ്ക്കും: 'കവി മുക്കാലംശത്തിലും കലാകാരനായിരിക്കുകയാണ് വേണ്ടത്: കാലംശത്തിലേ മനുഷ്യസംസ്കാരത്തിന്റെ ചിഹ്നമായിരിക്കേണ്ടൂ.'

തന്നെ രസിപ്പിച്ചതും തനിക്ക് വ്യാഖ്യാനിക്കാൻ രസമുള്ളതും ആയ ചില എഴുത്തുകാരെപ്പറ്റി, അമ്മട്ടിലുള്ള ചില പുസ്തകങ്ങളെപ്പറ്റി ചിലതു പറഞ്ഞുതരിക എന്നതാണ് ഇവിടത്തെ രീതി—നേർക്കുനേരെയുള്ള, സരളമായ വിശദീകരണം. ക്ലാസിൽ അധ്യാപകനോ സല്ലാപത്തിൽ സുഹൃത്തോ പെരുമാറുമ്പോലെ സൗമ്യമായിട്ടാണ് അദ്ദേഹം പ്രമേയത്തെ പരിചരിക്കുന്നത്—വായനക്കാരുടെ ആസ്വാദനത്തിന്റെ സാധ്യതകൾ വിപുലീകരിക്കുക എന്നതാണ് ദൗത്യം. നിങ്ങൾ കാണാതെ പോയതോ, കണ്ടിട്ട് വേണ്ടമാതിരി ശ്രദ്ധിക്കാതെ പോയതോ ആയ ഒരു പദം, സമാസം, ബിംബം, അലങ്കാരം സൂചന മുതലായവയെപ്പറ്റി ആ അധ്യാപകന് ചിലത് പറയാനുണ്ട്. എല്ലാം അതിന്റെ ചാരുതയെപ്പറ്റിയാണ്. ബാല്യകാലസഖിയിൽ ദേശാടനം കഴിഞ്ഞു മടങ്ങിയെത്തുന്ന മജീദിനെ കുട്ടിക്കാലത്ത് വിളിച്ചപോലെ സുഹ്റ 'ചെറുക്കാ' എന്നു വിളിക്കുന്നുണ്ട്. കാതു കൂർപ്പിച്ചിരിക്കുന്ന ശങ്കരൻ അതു കേട്ടറിഞ്ഞ് ആ ഒരു വാക്കിൽ ഇരമ്പുന്ന വികാരസാഗരത്തെപ്പറ്റി ഉപന്യസിക്കുകയുണ്ടായി (നവകം).

ആലോചിക്കുംതോറും അമൃതായിത്തീരുന്നത് (ആലോചനാമൃതം) എന്ന വിശേഷണം സാഹിത്യത്തിന് ലഭിച്ചിട്ട് നൂറ്റാണ്ടുകളായി. വായനയിൽ രുചിച്ചറിയാൻ കഴിഞ്ഞ രസാനുഭൂതികളെപ്പറ്റി പിന്നെയും പിന്നെയും ആലോചിച്ചുചെല്ലുന്ന ഈ വിമർശകൻ 'അനുവാചകരുടെ സൗന്ദര്യതൃഷ്ണയ്ക്ക് എന്നെന്നും അയവിറക്കാനുള്ള അനുഭൂതി' എന്നു കവിതയെ നിർവ്വചിക്കുന്നത് (മാതൃഭൂമി ആഴ്ചപ്പതിപ്പ്: 7 ഏപ്രിൽ 1968) സ്വാഭാവികം.

'അനുഭൂതി' എന്ന പദം ഈ വിമർശനലോകത്ത് പ്രധാനമാകുന്നു. അനുഭൂതിനിഷ്ഠ (impressionistic) മായിട്ടാണ് കെ. പി. ശങ്കരൻ എഴുതുന്നത്. കൃതിയിൽ നിന്ന് നിരൂപകന് വ്യക്തിപരമായി ലഭിച്ച അനുഭൂതികളെ അടിസ്ഥാനമാക്കി നടത്തുന്ന നിരൂപണമാണിത്. കൃതി സ്ത്രീത്വത്തെ എങ്ങനെ കാണുന്നു എന്ന് സ്ത്രീവാദനിരൂപണം അന്വേഷിച്ചു ചെല്ലുന്നതുപോലെ, നിരൂപകനിൽ സൃഷ്ടിച്ച വൈയക്തികമായ അനുഭൂതികളുടെ മട്ടും മാതിരിയും അന്വേഷിച്ച് അനുഭൂതിനിഷ്ഠനിരൂപണം പോകുന്നു. കൃതി സമൂഹത്തെ എങ്ങനെ ബാധിക്കും എന്നതല്ല, തന്നെ എങ്ങനെ ബാധിച്ചു എന്നതാണ് ഇവിടെ നിരൂപകന്റെ വിഷയം. എന്തിനെ സംബന്ധിച്ച യാഥാർത്ഥ്യവും ആരംഭിക്കുന്നത് അതുണ്ടാക്കുന്ന അനുഭൂതികളിലാണ് എന്നതാണ് ഇതിന്റെ അടിസ്ഥാനം. 'കുടുംബം വൈലോപ്പിള്ളിക്കവിതയിൽ' എന്ന ലേഖനത്തിൽ കാണുംപോലെ, 'എനിക്ക് ഏറെ പ്രിയപ്പെട്ട ഒന്നാണിത്. ഏതെല്ലാമോ പൊരുളിന്റെ ചാരിതാർത്ഥ്യങ്ങൾ ഇതിൽ നിന്ന് ഊറിക്കിട്ടാറുണ്ട്' എന്ന് അദ്ദേഹം എവിടെയും സാക്ഷിനിൽക്കാനിടയുണ്ട്.

ഈ സമാഹാരത്തിലെ ആദ്യലേഖനമായ സുഘടിതമായ സൂര്യസങ്കൽപത്തെപ്പറ്റി അദ്ദേഹം പറയുകയുണ്ടായി: 'അങ്ങനെ ചിലത് തഴകി എന്റെ ചിരലാളിതമായ ഒരു സ്വപ്നത്തിന്റെ ഇതളുകൾ പതുക്കെ ഒന്ന് നിവർത്താനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്' എപ്പോഴും അദ്ദേഹം അതേ ഉദ്ദേശിക്കുന്നുള്ളൂ.


കടമ്മനിട്ട

മുകളിലുദ്ധരിച്ച വാക്യത്തിൽ തെളിയുന്ന കാൽപനികാഭിമുഖ്യം ആ വ്യക്തിത്വത്തിനും ഭാഷാരീതിക്കും നിരൂപണത്തിനും ഒരുപോലെ ഇണങ്ങും. ചുട്ടുപൊള്ളുന്ന യാഥാർത്ഥ്യത്തിന്റെ വെയിലിനെക്കാൾ കുളിരുകോരുന്ന സ്വപ്നത്തിന്റെ നിലാവാണ് തനിക്കു പഥ്യം. എന്റെ നോട്ടത്തിൽ അദ്ദേഹത്തിന്റെ ഇഷ്ടകവി വൈലോപ്പിള്ളിയാണ്; ഇഷ്ട കാഥികൻ എം. ടി.-യും.

ആധുനികതാപ്രസ്ഥാനം പുരോഗമനസാഹിത്യത്തിന്റെ സമീപനങ്ങളെ എന്നപോലെ കാല്പനികതയുടെ രീതികളെയും വെല്ലുവിളിച്ചുകൊണ്ടാണ് വന്നെത്തിയത്. അത്തരം പുതുമാതിരികളെ കണ്ടറിയാൻ പ്രാപ്തനായി എന്നത് ഈ വിമർശകന്റെ നേട്ടം തന്നെ: ആധുനിക കവിതാസമാഹരങ്ങളിൽ പ്രഥമവും പ്രധാനവുമായി കണക്കാക്കിവരുന്ന പുതുമുദ്രകൾക്കെഴുതിയ പഠനം ഓർമ്മിക്കുക. കുഞ്ഞുണ്ണിയുടെ രചനകളിൽ ബാലസാഹിത്യത്തിന്റെ ലീലകളെക്കാൾ പ്രസക്തമാണ് ദാർശനികതയുടെ ആഴം എന്ന് സമർത്ഥിച്ച് ആ കവിതയുടെ ആസ്വാദനത്തെ വഴിതിരിച്ചുവിട്ടതിൽ ഈ എഴുത്തുകാരനുള്ള പങ്ക് വലുതാണ്. ആർ. രാമചന്ദ്രന്റെ ശ്യാമസുന്ദരിക്കെഴുതിയ നിരൂപണം ആ കവിതയുടെ കാല്പനിക ഭംഗികളെയെന്നപോലെ ദാർശനികമാനങ്ങളെയും കാണിച്ചുതന്നിരുന്നു. കടമ്മനിട്ടക്കവിതയുടെ രൗദ്രപ്രവാഹത്തിൽ കുമിളിച്ചുപൊങ്ങുന്ന ലാവണ്യസങ്കൽപങ്ങളിലേക്കാണ് ശങ്കരന്റെ കണ്ണുചെന്നത്.


അക്കിത്തം

കാല്പനികകവിതയോടുള്ള അഭിനിവേശം കഥയിലേയ്ക്കും പടർന്നു എന്നത് നിരൂപകന്റെ സമകാലികതയുടെ മറ്റൊരു സൂചകം ആകുന്നു. മുണ്ടശ്ശേരി, മാരാര്, ഗുപ്തൻനായര്, അഴീക്കോട് തുടങ്ങിയവരെല്ലാം കാവ്യങ്ങളിൽ പെരുമാറാനുള്ള പ്രാപ്തി കഥകളിലും നോവലുകളിലും തങ്ങൾക്കില്ലെന്ന് അടയാളപ്പെടുത്തുന്നുണ്ട്. അവരുടെ ഇളമുറക്കാരനായ ശങ്കരൻ ഈ പരിമിതിയിൽനിന്ന് മുക്തനാണ്—അക്കിത്തത്തിന്റെ കവിതപോലെ പൊറ്റക്കാട്ടിന്റെ കഥയും അദ്ദേഹത്തിന് വഴങ്ങും. മറ്റു ഉദാഹരണങ്ങളുടെ ആൽബം ആണ് ഈ ലേഖനസമാഹാരം: 'കവിതയുടെ ഇനിമ എവിടെ കിനിയുന്നു' എന്ന് നോക്കിയിരിപ്പാണദ്ദേഹം.


മുണ്ടശ്ശേരി

സൗന്ദര്യത്തിന്റെ ആരാധകനും വ്യാഖ്യാതാവുമാണ് അദ്ദേഹം. താൻ കണ്ടറിഞ്ഞ സൗന്ദര്യത്തെ വ്യാഖ്യാനിക്കുന്നതിന്റെ ആനന്ദത്തിനുവേണ്ടിയാണ് ആ എഴുത്ത്.


ഗുപ്തൻനായര്

സാഹിത്യത്തിന്റെ നെടുംപാതയിൽ കാല്പനികതയുടെ പൂങ്കാവുകളിലേക്ക് വഴികാട്ടി നിൽക്കുന്ന കൈചൂണ്ടിയാണ് കെ. പി. ശങ്കരൻ. സമൂഹത്തിന്റെ നാനാവിധമായ ജീർണ്ണതയ്ക്കുള്ള ഔഷധം കലയുടെ സൃഷ്ടിയും ആസ്വാദനവുമാണ് എന്ന ബോധ്യത്തിൽ ആർദ്രമായും സൗമ്യമായും സംസാരിക്കുന്ന അദ്ദേഹത്തിന്റെ രചനകൾ സൗന്ദര്യത്തിന്റെ നന്മയെപ്പറ്റിയും നന്മയുടെ സൗന്ദര്യത്തെപ്പറ്റിയും മലയാളികളെ ഉണർത്തിക്കൊണ്ടിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

കുളിരും തണലും—ലേഖനസമാഹാരം—കെ. പി. ശങ്കരൻ.

മാതൃഭൂമി ബുക്സ്, കോഴിക്കോട്: 2009.

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014